ബാഴ്സ - ചെൽസി പോരാട്ടം ഇന്ന്

ബാഴ്സലോണ: യുവേഫചാമ്പ്യൻസ്‌ലീഗിൽബാഴ്സലോണയുംചെൽസിയും തമ്മിലുള്ള രണ്ടാം പാദ പ്രീക്വാർട്ടർ ഫൈനൽ മത്സരം ഇന്ന് നടക്കും. കഴിഞ്ഞ മാസം നടന്ന ആദ്യപാദത്തിൽ ഇരു ടീമുകളും ഓരോ ഗോൾ വീതം നേടിയിരുന്നു. ചെൽസിയുടെ തട്ടകത്തിൽ നേടിയ എവേ ഗോളിന്റെ മുൻതൂക്കവുമായാണ് ബാഴ്സലോണ ഇന്ന് ഹോംഗ്രൗണ്ടായ ക്യാമ്പ്നൗവിൽ ഇറങ്ങുന്നത്. ടി.വി. ലൈവ് രാത്രി 1.15 മുതൽ സോണി ടെൻ ചാനലിൽ.

www.keralakaumudi.com www.facebook.com/keralakaumudi

■ നിദാഹാസ് ട്രോഫി

ഇന്ത്യ ഇന്ന് ബംഗ്ലാദേശിനോട്

കൊളംബോ : കഴിഞ്ഞ ദിവസം നടന്ന മത്സരത്തിൽ ശ്രീലങ്കയെ ആറ് വിക്കറ്റിന് തോൽപിച്ച് ഫൈനലിലേക്ക് അടുത്ത ഇന്ത്യ ഇന്ന് നിദാഹാസ് ട്രോഫി ത്രിരാഷ്ട്ര ട്വന്റി - 20 ടൂർണമെന്റിലെ ലീഗ് റൗണ്ടിലെ അവസാന മത്സരത്തിൽ ബംഗ്ലാദേശിനെ നേരിടും.

മൂന്ന് മത്സരങ്ങളിൽ നിന്ന് നാല് പോയിന്റ് നേടി പട്ടികയിൽ ഒന്നാം സ്ഥാനത്താണ് ഇന്ത്യ. മൂന്ന് മത്സരങ്ങളിൽ നിന്ന് രണ്ടു പോയിന്റുള്ള ശ്രീലങ്ക രണ്ടാം സ്ഥാനത്തും രണ്ട് മത്സരങ്ങളിൽ നിന്ന് രണ്ട് പോയിന്റുള്ള ബംഗ്ലാദേശ് മൂന്നാമതുമാണ്. ശ്രീലങ്കയ്ക്ക് വെള്ളിയാഴ്ച ബംഗ്ലാദേശുമായാണ് അവസാന മത്സരം. പോയിന്റ് പട്ടികയിൽ മുന്നിലെത്തുന്ന രണ്ട് ടീമുകൾ തമ്മിൽ 18 നാണ് ഫൈനൽ.

ആദ്യ മത്സരത്തിൽ ശ്രീലങ്കയോട് തോറ്റ ശേഷം രോഹിത് ശർമ്മ നയിക്കുന്ന ഇന്ത്യൻ ടീം ബംഗ്ലാദേശിനെയും ശ്രീലങ്കയെയും ഓരോ തവണ തോൽപിച്ചിരുന്നു. ബംഗ്ലാദേശ് തങ്ങളുടെ ആദ്യ മത്സരത്തിൽ ശ്രീലങ്കയെയാണ് തോൽപിച്ചത്. ബംഗ്ലാദേശിന് ഫൈനൽ പ്രതീക്ഷകൾ നിലനിറുത്താൻ അവശേഷിക്കുന്ന മത്സരങ്ങളിൽ ഒരു ജയം അനിവാര്യമാണ്.

കഴിഞ്ഞ ദിവസം ശ്രീലങ്കയ്ക്കെതിരെ നേടിയ വിജയം ഇന്ത്യയ്ക്ക് ആത്മവിശ്വാസം പകരുന്നു. ആദ്യ തോൽവിക്ക് പകരം വീട്ടാനിറങ്ങിയ ഇന്ത്യ ലങ്ക ഉയർത്തിയ 153 റൺസിന്റെ ലക്ഷ്യം 17.3 ഓവറിലാണ് മറികടന്നത്. ആദ്യം ബാറ്റ് ചെയ്ത ലങ്ക കുശാൽ മെൻഡിസ് (55), തരംഗ (22), ഷനക (19), ഗുണ തിലക (17), തിസാര പെരേര (15) എന്നിവരുടെ മികവിലാണ് 19 ഓവറായി ചുരുക്കിയ മത്സരത്തിൽ 152/9 എന്ന സ്കോറിലെത്തിയത്.

ഇന്ത്യൻ ബൗളർമാരുടെ മികവാണ് ലങ്കയെ കരഞ്ഞസ്കോറിൽ ഒതുക്കാൻ സഹായകമായത്. അവസാന ഓവറിലെ അടുത്തടുത്ത പന്തുകളിലെ രണ്ട് വിക്കറ്റുകൾ ഉൾപ്പെടെ നാല് വിക്കറ്റുകൾ സ്വന്തമാക്കിയ ശാർദ്ദൂൽ താക്കൂറും രണ്ട് വിക്കറ്റ് വീഴ്ത്തിയ വാഷിംഗ്ടൺ സുന്ദറും ഓരോ വിക്കറ്റ് വീഴ്ത്തിയ ഊദ്കരും ചഹലും വിജയ ശങ്കരും ചേർന്നാണ് ലങ്കയ്ക്ക് മൂക്കുകയറിട്ടത്.

മറുപടിക്കിറങ്ങിയ ഇന്ത്യയ്ക്ക് ക്യാപ്ടൻ രോഹിത് ശർമ്മയെയും (8), ശിഖർ ധവാനെയും (11) തുടക്കത്തിലേ നഷ്ടമായെങ്കിലും കെ.എൽ. രാഹുൽ (18), സുരേഷ് റെയ്ന (27), മനീഷ് പാണ്ഡെ (42 നോട്ടൗട്ട്), ദിനേഷ് കാർത്തിക് (39 നോട്ടൗട്ട്) എന്നിവരുടെ പോരാട്ടമാണ് വിജയം നൽകിയത്. നാലോവറിൽ 27 റൺസ് വഴങ്ങി നാല് വിക്കറ്റ് വീഴ്ത്തിയ ശാർദ്ദൂൽ താക്കൂറാണ് മാൻ ഒഫ് ദ മാച്ച്.

കഴിഞ്ഞ മത്സരത്തിൽ ഇന്ത്യയോട് തോറ്റെങ്കിലും ശ്രീലങ്കയ്ക്കെതിരായ മത്സരത്തിൽ 214 റൺസ് ചേസ് ചെയ്ത് വിജയം നേടിയ ബംഗ്ലാദേശ് അത്ര നിസാരക്കാരല്ല. വിക്കറ്റ് കീപ്പർ മുഷ്ഫിഖുർ റഹിം, ലിട്ടൺ ദാസ്, സാബിർ റഹ്മാൻ, സൗമ്യ സർക്കാർ, തമിം ഇഖ്ബാൽ തുടങ്ങിയ ബാറ്റ്സ്മാർ മികച്ച ഫോമിലാണ്.

ട്വന്റി - 20യിലെ ആദ്യ ഇന്ത്യൻ ഹിറ്റ് വിക്കറ്റ്

- ശ്രീലങ്കയ്ക്കെതിരായ മത്സരത്തിൽ ഹിറ്റ് വിക്കറ്റായ ലോകേഷ് രാഹുൽ അന്താരാഷ്ട്ര ട്വന്റി - 20 മത്സരത്തിൽ ഇത്തരത്തിൽ പുറത്താകുന്ന ആദ്യ ഇന്ത്യൻ ബാറ്റ്സ്മാനായി.
- പത്താം ഓവറിൽ ജീവൻ മെൻഡിസിന്റെ പന്ത് നേരിടാനായി ബാക്ക്പുട്ടിലേക്ക് മാറിയ രാഹുലിന്റെ കാല് തട്ടി ബെയിൽസ് വീഴുകയായിരുന്നു.
- ട്വന്റി - 20 യിൽ ഇതുവരെ ഒൻപത് പേരാണ് ഹിറ്റ് വിക്കറ്റായിട്ടുള്ളത്. എ.ബി. ഡിവില്ലിയേഴ്സ്, ദിനേഷ് ചാന്ദിമൽ തുടങ്ങിയവർ ഈ പട്ടികയിലുണ്ട്.
- 1949ൽ ലാലാ അമർനാഥാണ് ടെസ്റ്റിൽ ഹിറ്റ് വിക്കറ്റായ ആദ്യ ഇന്ത്യൻ ബാറ്റ്സ്മാൻ.
- 1995ൽ നയൻ മോംഗിയയാണ് ഏകദിനത്തിൽ ഹിറ്റ് വിക്കറ്റായ ആദ്യ ഇന്ത്യക്കാരൻ.

പോയിന്റ് നില

(ടീം, കളി, ജയം, തോൽവി, പോയിന്റ്)

ഇന്ത്യ : 3-2-1-4
ശ്രീലങ്ക : 3-1-2-2
ബംഗ്ലാദേശ് : 2-1-1-2

ചെന്നൈ - ഇൻ

■ ഐ എസ്.എൽ. രണ്ടാംപാദ സെമിയിൽ ഗോവയെ 3-0ത്തിന് തോൽപിച്ച് ചെന്നൈയിൻ എഫ്.സി. ഫൈനലിൽ

ബംഗ്ലൂരു - ചെന്നൈയിൻ ഫൈനൽ ശനിയാഴ്ച

ചെന്നൈ: ഇന്നലെനടന്നരണ്ടാം പാദ സെമി ഫൈനലിൽ എഫ്. സി. ഗോവയെ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് തോൽപ്പിച്ച് ചെന്നൈയിൻ എഫ്.സി.ഐ എസ്. എൽ. ഫുട്ബാളിന്റെ ഫൈനലിലെത്തി. ആദ്യപാദത്തിൽ ഇരുടീമുകളും ഓരോ ഗോളടിച്ച് സമനിലയിൽ പിരിഞ്ഞിരുന്നു. ഇരുപാദങ്ങളിലുമായി 4-1 എന്ന മാർജിനിലാണ് ചെന്നൈയിൻ തങ്ങളുടെ രണ്ടാമത്തെ ഐ. എസ്. ഫൈനലിന് ടിക്കറ്റെടുത്തത്. ശനിയാഴ്ചയാണ് ബംഗ്ലൂരു എഫ്. സിയും ചെന്നൈയിനും തമ്മിലുള്ള ഫൈനൽ.

26-ാം മിനിട്ടിലും 90-ാം മിനിട്ടിലും ജെജെലാൽ പെഖുലയും 29-ാം മിനിട്ടിൽ ധൻപാൽ ഗണേഷും നേടിയ ഗോളുകൾക്കാണ് ഇന്നലെ ചെന്നൈയിൻ ജയിച്ചത്.

ചെന്നൈയിന്റെ തട്ടകത്തിൽ തട്ടകത്തിൽ നടന്ന മത്സരത്തിന്റെ അഞ്ചാം മിനിട്ടിൽ തന്നെ ഗോവ സെൽഫ് ഗോൾ വഴങ്ങേണ്ടതായിരുന്നുവെങ്കിലും ഭാഗ്യത്തിന് രക്ഷപ്പെട്ടു. 13-ാം മിനിട്ടിൽ ഗോവയ്ക്ക് ചാൻസ് ലഭിച്ചെങ്കിലും സെറോനോ അത് പ്രതിരോധിച്ചു.

26-ാം മിനിട്ടിൽ ഗ്രിഗറി നെൽസൺ ഇടതുവിംഗിൽ നിന്നുള്ള ക്രോസ് മാർക്ക് ചെയ്യപ്പെടാതെ നിന്ന ജെജെലാൽ പെഖുല ഉയർന്നു ചാടി തലവച്ച് ചെന്നൈയിന്റെ ആദ്യ ഗോളാക്കുകയിരുന്നു. മൂന്ന് മിനിട്ടിനകം ഗോവൻ ഗോൾവല ഒന്നുകൂടി കുലുങ്ങി. ഇത്തവണയും പന്തെത്തിച്ചത് ഗ്രിഗറി നെൽസണായിരുന്നു. ബോക്സിനുള്ളിലുണ്ടായിരുന്ന ധൻപാൽ ഗണേഷ് നെൽസന്റെ പാസ് സ്വീകരിച്ച് ഗോളി നവീനെ മറികടന്ന് ഗോളാക്കി. ആദ്യ പകുതിയിൽ ചെന്നൈയിന്റെ മുന്നേറ്റങ്ങളെ തടുക്കാൻ പൂനെ പരുഷമായ പ്രതിരോധമാണ് തീർത്തത്. രണ്ടാം പകുതിയിൽ ഗോളടിക്കാനായി പൂനെ താരങ്ങൾ കഠിനപരിശ്രമം നടത്തി. എന്നാൽ, ചെന്നൈയിൻ താരങ്ങളുടെ മികച്ച പ്രതിരോധവും നിർഭാഗ്യവും പൂനെയെ ഗോളിൽ നിന്ന് അകറ്റി നിറുത്തി.

ചെന്നൈയിനുവേണ്ടി രണ്ടു ഗോളുകൾ നേടിയ ജെ ജെ ലാൽ പെഖുലയുടെ ആഹ്ലാദം

■ കോമൺവെൽത്ത് ഗെയിംസിനുള്ള ഇന്ത്യൻ ഹോക്കി ടീമിനെ പ്രഖ്യാപിച്ചു

മൻപ്രീത് നയിക്കും, ശ്രീജേഷ് ടീമിൽ

ന്യൂഡൽഹി : അടുത്ത മാസം ആസ്ട്രേലിയയിലെ ഗോൾഡ് കോസ്റ്റിൽ നടക്കുന്ന കോമൺവെൽത്ത് ഗെയിംസിനുള്ള 18 അംഗ ഇന്ത്യൻ ഹോക്കി ടീമിനെ പ്രഖ്യാപിച്ചു. മിഡ് ഫീൽഡർ മൻപ്രീത് സിംഗാണ് ഇന്ത്യൻ സംഘത്തെ നയിക്കുന്നത്. ചിംഗ്ളെൻ സെനസിംഗാണ് ഉപനായകൻ. മലയാളി ഗോൾകീപ്പർ പി.ആർ. ശ്രീജേഷിനെ ടീമിലേക്ക് തിരിച്ചുവിളിച്ചപ്പോൾമുൻനായകൻസർദാർ സിംഗിനെയും രമൺ ദീപ് സിംഗിനെയും ഒഴിവാക്കി.

മൻപ്രീതിന്റെ ക്യാപ്ടൻസിയിലാണ് ഇന്ത്യ കഴിഞ്ഞവർഷം ഏഷ്യാകപ്പ് സ്വന്തമാക്കിയിരുന്നത്. ഭുവനേശ്വറിൽ നടന്ന വേൾഡ് ലീഗ് ഫൈനൽസിൽ ഇന്ത്യ വെങ്കലം നേടിയതും മൻപ്രീതിന്റെ കീഴിലായിരുന്നു.

പരിക്കുമൂലം ഒരു വർഷത്തിലേറെ ടീമിന് പുറത്തായിരുന്ന ശ്രീജേഷ് സ്പെസിലൈസ്ഡ് പര്യടനത്തിൽ ടീമിലെത്തിയിരുന്നു. മികച്ച പ്രകടനവും കിവീസിൽ ശ്രീജേഷ് പുറത്തെടുത്തിരുന്നു. എന്നാൽ കോമൺവെൽത്ത് മുന്നിൽക്കണ്ട് ഇക്കഴിഞ്ഞ അസ്‌ലൻഷാ കപ്പിൽ ശ്രീജേഷ് കളിച്ചിരുന്നില്ല. രണ്ടാം ഗോളിയായി സുരാജ് കാർക്കേറയെയും ടീമിലെടുത്തിട്ടുണ്ട്.

ഡ്രാഗ് ഫ്ലിക്കർ രൂപീന്ദർ സിംഗാണ് പ്രതിരോധത്തിൽ ഇന്ത്യയുടെ കരുത്ത്. ഹർമൻ പ്രീത് സിംഗ്, വരുൺ കുമാർ, കൊത്താജിത്ത് സിംഗ്, ഗുരീന്ദർ സിംഗ്, അമിത് രോഹിദാസ് എന്നിവരും പ്രതിരോധത്തിലുണ്ട്. മിഡ്ഫീൽഡിൽ നായകൻ മൻപ്രീതിനെ കൂടാതെ ചിംഗ്ളെൻ സെനയും സുമിത്തും വിവേക് സാഗർ പ്രസാദും ഉണ്ടാകും. എസ്.വി. സുനിൽ ആകാശ്ദീപ് സിംഗ്, മൻദീപ് സിംഗ്, ലളിത് കുമാർ ഉപാദ്ധ്യായ്, ഗുർജന്ത് സിംഗ്, ദിൻപ്രീത് സിംഗ് എന്നിവരാണ് ആക്രമണത്തിന്റെമുന്നണിയിലുള്ളത്.

കോമൺവെൽത്ത് ഗെയിംസിൽ പൂൾ ബിയിൽ പാകിസ്ഥാൻ, മലേഷ്യ, വേൽസ്, ഇംഗ്ലണ്ട് എന്നിവർക്കൊപ്പമാണ് ഇന്ത്യ മത്സരിക്കുന്നത്. ഏപ്രിൽ ഏഴിന് പാകിസ്ഥാനെതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം.

ഇന്ത്യൻ ഹോക്കി ടീം

ഗോൾ കീപ്പർ
പി. ആർ. ശ്രീജേഷ്, സുരാജ് കർക്കേറ.

ഡിഫൻഡർമാർ
രൂപീന്ദർ സിംഗ്, ഹർമൻ പ്രീത് സിംഗ്, വരുൺ കുമാർ, കൊത്താജിത് സിംഗ്, ഗുരീന്ദർ സിംഗ്, അമിത് രോഹിദാസ്.

മിഡ്ഫീൽഡർമാർ
മൻപ്രീത് സിംഗ്, ചിംഗ്ളെൻസെന സിംഗ്, സുമിത്, വിവേക്സാഗർ പ്രസാദ്.

ഫോർവേർഡ്സ്
ആകാശ് ദീപ് സിംഗ്, എസ്.വി. സുനിൽ, ഗുർജന്ത് സിംഗ്, മൻദീപ് സിംഗ്, ലളിത് കുമാർ ഉപാദ്ധ്യായ്, ദിൽപ്രീത് സിംഗ്.

ക്യാപ്ടൻ മൻപ്രീത് സിംഗ്

റബാദയ്ക്ക് വിലക്കും ഒന്നാം റാങ്കും

ദുബായ്: ആസ്ട്രേലിയയ്ക്കെതിരായരണ്ടാം ടെസ്റ്റിൽ സ്റ്റീവ് സ്മിത്തിനെയും ഡേവിഡ് വാർണറെയും പുറത്താക്കിയതിന് ശേഷം പരുഷമായി പെരുമാറിയതിന് രണ്ട് ടെസ്റ്റുകളിൽ നിന്ന് വിലക്കപ്പെട്ട ദക്ഷിണാഫ്രിക്കൻ പേസ് ബൗളർ കാഗിസോ റബാദ ഐ. സി. സി ടെസ്റ്റ് റാങ്കിംഗിൽ ഒന്നാം സ്ഥാനത്തേക്ക് ഉയർന്നു. രണ്ടാം ടെസ്റ്റിൽ ഇരു ഇന്നിംഗ്സുകളിൽ നിന്നുമായി 11 വിക്കറ്റുകൾ നേടി മാൻ ഒഫ് ദ മാച്ചായ പ്രകടനമാണ് റബാദയെ ഒന്നാം റാങ്കിലെത്തിച്ചത്. 900 റാങ്കിംഗ് പോയിന്റുകൾ മറികടന്നാണ് റബാദ ഒന്നാം സ്ഥാനത്തേക്ക് എത്തിയത്. അതേസമയം വിലക്കിലായതിനാൽ ആസ്ട്രേലിയയ്ക്കെതിരായ പരമ്പരയിലെ അടുത്ത രണ്ട് മത്സരങ്ങൾ റബാദയ്ക്ക് നഷ്ടമാകും.

അടുത്തിടെ ടെസ്റ്റ് കളി ചിട്ടിട്ടില്ലെങ്കിലും ഇന്ത്യൻ സ്പിന്നർ രവിചന്ദ്രൻ അശ്വിൻ രണ്ട് പടവ് ഉയർന്ന് രണ്ടാം സ്ഥാനത്തെത്തി. ഹേസൽവുഡും മിച്ചൽസ്റ്റാർക്കും പിന്നാക്കം പോയതാണ് അശ്വിന് അനുഗ്രഹമായത്. ഇന്ത്യൻ സ്പിന്നർ രവീന്ദ്ര ജഡേജ മൂന്നാമതുണ്ട്.

ബാറ്റ്സ്മാൻമാരുടെ പട്ടികയിൽ ആസ്ട്രേലിയൻ നായകൻ സ്റ്റീവ് സ്മിത്ത് ഒന്നാം സ്ഥാനത്തും ഇന്ത്യൻ ക്യാപ്ടൻ വിരാട് കൊഹ്‌ലി രണ്ടാം സ്ഥാനത്തും തുടരുകയാണ്. ചേതേശ്വർ പൂജാര ആറാം സ്ഥാനത്താണ്.

സെറീനയെ വീഴ്ത്തി വീനസ്

ഇന്ത്യൻ വെൽസ് : ഇന്ത്യൻ വെൽസ് ഓപ്പൺ ടെന്നിസിൽ അനുജത്തി സെറീനയെ തോൽപിച്ച് വീനസ് വില്യംസ് മൂന്നാം റൗണ്ടിലെത്തി. 2017ലെ ആസ്ട്രേലിയൻ ഓപ്പൺ നേടിയശേഷം പ്രസവത്തെത്തുടർന്ന് കളിക്കളത്തിൽ നിന്ന് വിട്ടുനിന്ന സെറീനയുടെ തിരിച്ചുവരവ് ടൂർണമെന്റായിരുന്നു ഇത്. 6-3, 6-4 എന്ന സ്കോറിനാണ് വീനസ് വിജയിച്ചത്.

ഫെഡറർ നാലാം റൗണ്ടിൽ

ഇന്ത്യൻ വെൽസ് : ലോക ഒന്നാം നമ്പർ താരം റോജർ ഫെഡറർ ഇന്ത്യൻ വെൽസ് മാസ്റ്റേഴ്സ് ടെന്നിസിന്റെ നാലാം റൗണ്ടിലെത്തി. മൂന്നാം റൗണ്ടിൽ ഫിലിപ്പ് ക്രയിനോവിച്ചിനെ 6-2, 6-1 എന്ന സ്കോറിനാണ് ഫെഡറർ തോൽപിച്ചത്. സ്കോർ 6-2, 6-1. നാലാം റൗണ്ടിൽ ജെറമി ചാർഡിയാണ് ഫെഡററുടെ എതിരാളി.

പെല്ലെഗ്രിനോ പുറത്ത്

ലണ്ടൻ : സീസണിലെ മോശം പ്രകടനത്തെത്തുടർന്ന് ഇംഗ്ലീഷ് പ്രിമിയർ ലീഗ് ക്ലബ് സതാംപ്ടൺ മുഖ്യ പരിശീലക സ്ഥാനത്തു നിന്ന് അർജന്റീനക്കാരനായ മൗറീഷ്യോ പെല്ലെഗ്രിനിയെ പുറത്താക്കി. സീസണിൽ എട്ട് മത്സരങ്ങൾ ശേഷിക്കേ തരംതാഴ്ത്തലിന്റെ വക്കിലാണ് സതാംപ്ടൺ.

അമോൽ രാജസ്ഥാൻ ബാറ്റിംഗ് കോച്ച്

ജയ്പൂർ : ആഭ്യന്തര ക്രിക്കറ്റിലെ മിന്നും താരമായിരുന്ന അമോൽ മജൂംദാറിനെ ഈ സീസണിൽ ഐ. പി. എൽ ക്ലബ് രാജസ്ഥാൻ റോയൽസ് തങ്ങളുടെ ബാറ്റിംഗ് കോച്ചായി നിയമിച്ചു. സൈരാജ് ബെഹ്തുലയാണ് ബൗളിംഗ് കോച്ച്.

■ ആൾ ഇംഗ്ലണ്ട് ബാഡ്മിന്റണിന് ഇന്ന് തുടക്കം

പ്രതീക്ഷയോടെ സിന്ധുവും സംഘവും

ബർമിംഗ്ഹാം: വിഖ്യാതമായ ആൾ ഇംഗ്ലണ്ട് ബാഡ്മിന്റൺ ചാമ്പ്യൻഷിപിന് ഇന്ന് തുടക്കമാകും. 17 കൊല്ലം മുമ്പ് ആൾ ഇംഗ്ലണ്ട് കിരീടം നേടിയ പുല്ലേല ഗോപിചന്ദ് പരിശീലിപ്പിക്കുന്ന ഇന്ത്യൻ താരങ്ങൾ മെഡൽ പ്രതീക്ഷയുമായി ബർമിംഗ് ഹാമിലെ കോർട്ടിലിറങ്ങുന്നു. ഗോപിചന്ദിനെ (2001) കൂടാതെ പ്രകാശ് പദുക്കോൺ (1980) മാത്രമാണ് ആൾ ഇംഗ്ലണ്ട് കിരീടം നേടിയ ഇന്ത്യക്കാരൻ.

പി. വി. സിന്ധു, സൈന നെഹ്വാൾ, കെ. ശ്രീകാന്ത്, എച്ച്.എസ്. പ്രണോയ് തുടങ്ങിയവരാണ് മെഡൽ പ്രതീക്ഷയുമായി കോർട്ടിലിറങ്ങുന്ന ഇന്ത്യൻ താരങ്ങൾ. സിന്ധുവിനും ശ്രീകാന്തിനും ആദ്യ റൗണ്ടിൽ വലിയ പ്രയാസമില്ലാത്ത ഷോൾ സൈനയ്ക്ക് ആദ്യ റൗണ്ടിൽത്തന്നെ ലോക ഒന്നാം റാങ്കുകാരിയും നിലവിലെ ചാമ്പ്യനുമായ ചൈനീസ് തായ്പേയ്യുടെ തായ് സു ഇംഗിനെ നേരിടണം.

തായ്ലൻഡിന്റെ പോൺ പാവീ ചൊച്ചുവോംഗാണ് സിന്ധുവിന്റെ ആദ്യ റൗണ്ടിലെ എതിരാളി.

ആദ്യ റൗണ്ടിൽ ജയിച്ചാൽ അടുത്തതായി ഇന്ത്യ ഓപ്പണിൽ തന്നെ തോൽപിച്ച ബെയ്വെൻ ഷാംഗിനെ നേരിടേണ്ടിവരും.

ശ്രീകാന്തിന് ആദ്യ റൗണ്ടിൽ ഫ്രഞ്ചുകാരൻ ബ്രിസ് ലെവർദേസാണ് എതിരാളി. ഈ ടൂർണമെന്റ് വിജയിച്ചാൽ ശ്രീകാന്തിന് ലോക റാങ്കിംഗിൽ ഒന്നാം സ്ഥാനത്ത് എത്താൻ അവസരമുണ്ട്. മലയാളി താരം എച്ച്. എസ്. പ്രണോയ്ക്ക് എട്ടാം സീഡ് ചൈനീസ് തായ്പേയ് താരം ചൗടിയാൻ ചെന്നാണ് എതിരാളി.

2015ലെ ആൾ ഇംഗ്ലണ്ട് ചാമ്പ്യൻഷിപിൽ സൈന റണ്ണർ അപ്പായിരുന്നു. അന്ന് ഫൈനലിൽ കരോളിന മാരിനോടാണ് തോറ്റത്. 2017ൽ ക്വാർട്ടർ ഫൈനലിലെത്തിയതാണ് സിന്ധുവിന്റെ ആൾ ഇംഗ്ലണ്ട് കരിയറിലെ മികച്ച പ്രകടനം. 2017ൽ ശ്രീകാന്ത് നാല് സൂപ്പർ സിരീസ് കിരീടങ്ങൾ സ്വന്തമാക്കിയിരുന്നു. നിലവിലെ ലോക ഒന്നാം നമ്പർ താരം വിക്ടർ അക്സ്ലൻ പരിക്ക കാരണം വിട്ടുനിൽക്കുന്നത് ശ്രീകാന്തിന് തുണയാകും.

ജനപ്രതിനിധികളുടെ ടീമും സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ ടീമും തമ്മിലുള്ള ഫുട്ബാൾ മത്സരത്തിൽ പന്തുതട്ടുന്ന മന്ത്രി കെ.കെ. ശൈലജ

പന്തുരുണ്ടു, ഉദ്യോഗസ്ഥരെ വീഴ്ത്തി ജനപ്രതിനിധികൾ

തിരുവനന്തപുരം: ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പന്തിന്റെ പുറകെയോടിയപ്പോൾ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം വ്യത്യസ്തമായൊരു ഫുട്ബോൾ മത്സരത്തിന് വേദിയായി. മന്ത്രി കെ.കെ. ശൈലജ ക്യാപ്ടനായ ജനപ്രതിനിധികളുടെ ടീമും സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ബിജു പ്രഭാകർ ക്യാപ്ടനായ സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലുള്ള ടീമുമാണ് മത്സരിച്ചത്. രണ്ടിനെതിരെ മൂന്ന് ഗോളുകൾക്ക് ജനപ്രതിനിധികളുടെ ടീം വിജയിച്ചു. രണ്ട് ടീമിലും ട്രാൻസ്ജെൻഡർ പ്രതിനിധികളുമുണ്ടായിരുന്നു.

ഇന്ത്യയിൽ തന്നെ ലിംഗഭേദമന്യേ നടത്തുന്ന ആദ്യ ഫുട്ബോൾ മത്സരം എന്ന പ്രത്യേകതയും ഇതിനുണ്ട്. ബിജു പ്രഭാകർ വിജയികൾക്കുള്ള ട്രോഫി മന്ത്രി കെ. കെ ശൈലജയ്ക്ക് സമ്മാനിച്ചു. ജനപ്രതിനിധികളുടെ ടീമിനവേണ്ടി മന്ത്രിക്കുപറമെ എം.എൽ.എമാരായ രാജു എബ്രഹാം, എൽദോസ് കുന്നപ്പള്ളി, എൽദോ എബ്രഹാം, കെ. ബാബു, റോജി എം. ജോൺ, പ്രതിഭാ ഹരി, ഇബ്രാഹീം, ബിജിമോൾ, അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി വിനോദ് പാച്ചേനി, രേഖ, പാർവതി സാഹല്യ, രജിതമോൾ, ഉസ്മാൻ, ഹമീദ്, ജോബി, ട്രാൻസ്ജെൻഡർമാരായ സൂര്യ, ശ്രീക്കുട്ടി എന്നിവർ കളത്തിലിറങ്ങി. സിവിൽ സർവീസസ് ഉദ്യോഗസ്ഥരുടെ ടീമിൽ ബിജു പ്രഭാകറിനൊപ്പം കൃഷ്ണേന്ദു, ഡോ. രാഹുൽ, പ്രവീൺ ഗവാസ്കർ, ഗോകുൽ ജി, ജീവൻ ബാബു, ഗോപാലകൃഷ്ണൻ, പി.വി. ന്യഹ്, റെൻ എബ്രഹാം, ധന്യ സനൽ, വിഷ്ണുകാന്ത്, നരേന്ദ്രബാബു, ട്രാൻസ്ജെൻഡർമാരായ ശ്രീമയി, ദേവ് എന്നിവരും ബൂട്ടണിഞ്ഞു.

■ ഇംഗ്ലീഷ് പ്രിമിയർ ലീഗ്

കിരീടത്തിലേക്ക് ചുവടുവച്ച് മാഞ്ചസ്റ്റർ സിറ്റി

■ സ്റ്റോക്ക് സിറ്റിയെ 2-0ത്തിന് കീഴടക്കി, രണ്ടു ഗോളുകളും നേടിയത് സിൽവ

സിൽവ

ലണ്ടൻ : സൂപ്പർ താരം സെർജി അഗ്യൂറോ ഇല്ലാതെ ഇറങ്ങിയിട്ടും കഴിഞ്ഞ ദിവസം സ്റ്റോക്ക് സിറ്റിയെ എതിരില്ലാത്ത രണ്ടു ഗോളുകൾക്ക് കീഴടക്കിയ മാഞ്ചസ്റ്റർ സിറ്റി ഇംഗ്ലീഷ് പ്രിമിയർ ലീഗ് ഫുട്ബാൾ കിരീടത്തിലേക്ക് കുതിച്ചു. സ്റ്റോക്ക് സിറ്റിയുടെ തട്ടകത്തിൽ നടന്ന മത്സരത്തിന്റെ ഇരുപകുതികളിലുമായിസ്കോർചെയ്തു ഡേവിഡ് സിൽവയാണ് സിറ്റിയുടെ വിജയമുറപ്പിച്ചത്.

പത്താം മിനിട്ടിൽ റഹീം സ്റ്റെർലിംഗിന്റെ ക്രോസിൽ നിന്നാണ് സിൽവ ആദ്യ ഗോൾ നേടിയത്. 50-ാം മിനിട്ടിൽ ഗബ്രിയേൽ ജീസസിന്റെ പാസിൽ നിന്നായിരുന്നു രണ്ടാം ഗോൾ. മത്സരത്തിൽ ഉടനീളം മാഞ്ചസ്റ്റർ സിറ്റിക്ക് അവസരങ്ങൾ ലഭിച്ചെങ്കിലും രണ്ട് തവണമാത്രമാണ് വലകുലുക്കാൻ കഴിഞ്ഞത്.

മാഞ്ചസ്റ്റർ സിറ്റിക്ക് 30 മത്സരങ്ങളിൽ നിന്ന് 81 പോയിന്റായി. രണ്ടാംസ്ഥാനക്കാരായമാഞ്ചസ്റ്റർ യുണൈറ്റഡിനേക്കാൾ 16 പോയിന്റ് മുന്നിലാണ് സിറ്റി.